**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ 1977 ജനുവരി 1-ന് മുൻപുള്ള കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന ഏതെല്ലാം വില്ലേജുകളിലാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | **ഇടുക്കി**<br><br>ഇടുക്കി ജില്ലയിൽ 1977 ജനുവരി 1 ന് മുമ്പുള്ള കുടിയേറ്റങ്ങൾ കണ്ടെത്തുന്നതിന് വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ച, കേന്ദ്രാനുമതി ലഭിച്ച 5000 ഹെക്ടർ ഭൂമിയും കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ പതിച്ച് നൽകുന്നതിന് അനുമതി ലഭിച്ച 20363.1590 ഹെ. ഭൂമിയും ഉൾപ്പെട്ടു വരുന്നു.<br><br>കേന്ദ്രാനുമതി ലഭിച്ച 5000.0000 ഹെക്ടർ ഭൂമി നിലവിൽ തൊടുപുഴ താലൂക്കിലെ വെള്ളിയാമറ്റം, ഉടുമ്പന്നൂർ, അറക്കുളം, വണ്ണപ്പുറം, നെയ്യശ്ശേരി, പീരുമേട് താലൂക്കിലെ മ്ലാപ്പാറ, ദേവികുളം താലൂക്കിലെ മന്നാംകണ്ടം, ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലും ഉൾപ്പെട്ടു വരുന്നു. കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ പതിച്ച് നൽകുന്നതിന് അനുമതി ലഭിച്ച 20363.1590 ഹെ. ഭൂമി ഉടുമ്പൻചോല താലൂക്കിലെ പാറത്തോട്, കാന്തിപ്പാറ, ഇരട്ടയാർ, ഉടുമ്പൻചോല, ചതുരംഗപ്പാറ, പാംപാടുമ്പാറ, ചക്കുപള്ളം, വണ്ടൻമേട്, കരുണാപുരം, ആനവിലാസം, അണക്കര, ചിന്നക്കനാൽ, രാജക്കാട്, ശാന്തൻപാറ, രാജകുമാരി, കൽക്കുന്തൽ എന്നീ വില്ലേജുകളിലും ഇടുക്കി താലൂക്കിലെ അയ്യപ്പൻ കോവിൽ, കട്ടപ്പന, കാഞ്ചിയാർ, കൊന്നത്തടി, വാത്തിക്കുടി, തങ്കമണി, ഉപ്പുതോട് എന്നീ വില്ലേജുകളിലും ദേവികുളം താലൂക്കിലെ ബൈസൺവാലി വില്ലേജിലും ഉൾപ്പെട്ടു വരുന്നു.<br><br>ഇടുക്കി ജില്ലയിൽ പുതുതായി വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ 01.01.1977 ന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതാത് സ്ഥലത്ത്, ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി ,സംയുക്തപരിശോധന നടന്നയിടങ്ങളിൽ ജെ വി ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ,ജെ വി നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ,നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിയ്ക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവരശേഖരണം നടത്തിയിട്ടുണ്ട്.<br><br>**എറണാകുളം**<br><br>എറണാകുളം ജില്ലയിൽ ,01.01.1977 ന് മുമ്പുള്ള കുടിയേറ്റങ്ങൾ കണ്ടെത്താൻ, വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന, വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടില്ല.<br><br>**പത്തനംതിട്ട**<br><br>പത്തനംതിട്ട ജില്ലയിൽ കോന്നി, റാന്നി, മല്ലപ്പള്ളി താലൂക്കുകളിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് സംയുക്തപരിശോധന നടത്തി, 1970.04ഹെക്ടർ ഭൂമിയ്ക്ക് പട്ടയം അനുവദിയ്ക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി 2012 ൽ എഫ് പി/കെ എൽ/ഇഎൻസിആർഎച്ച്/8556/2012 നമ്പർ |

പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും 16.09.2012 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിൽ നിന്നും ഒരു സംഘം പരിശോധനയ്ക്ക് വന്നിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ രേഖപ്പെടുത്തുന്നു.

| താലൂക്ക് | വില്ലേജ് | കൈവശക്കാരുടെ എണ്ണം | ഭൂമിയുടെ വിസ്തീർണ്ണം (ഹെ.) |
|---|---|---|---|
| റാന്നി | കൊല്ലമുള്ള | 335 | 123.9919 |
| | പെരുനാട് | 148 | 63.3600 |
| | വടശ്ശേരിക്കര | 31 | 9.6400 |
| | അത്തിക്കയം | 110 | 26.7318 |
| മല്ലപ്പള്ളി | പെരുമ്പട്ടി | 414 | 104.1500 |
| കോന്നി | ചിറ്റാർ, സീതത്തോട് | 4530 | 1362.2763 |
| | കലഞ്ഞൂർ | 8 | 2.9400 |
| | കോന്നിത്താഴം | 69 | 13.5000 |
| | അരുവപ്പലം | 262 | 47.0000 |
| | തണ്ണിത്തോട്(കോന്നി ഡിഎഫ്ഒ) | 207 | 59.9400 |
| | തണ്ണിത്തോട്(റാന്നി ഡിഎഫ്ഒ) | 210 | 156.5100 |
| | **ആകെ** | **6324** | **1970.04** |

സെക്ഷൻ ഓഫീസർ